വിശപ്പിനെ കുറിച്ച് ഏറെ ചർച്ചചെയ്യുകയും
അതേസമയം എതൊരു ജീവിയുടേയും
മറ്റൊരു അടിസ്ഥാനചോദനയായ
ലൈംഗികതയോട് മുഖംതിരിക്കുകയും
ചെയ്യുന്ന ഇടതുപക്ഷത്തിന്റെ സമീപനത്തെ
വിമർശിക്കുന്നു **ഹരികുമാർ**

# ലൈംഗികതയോട് മുഖംതിരിക്കുന്ന ഇടതുപക്ഷം

**കേരളത്തിൽ** നിലനിൽക്കുന്ന കപട സദാചാരബോധത്തിൽ മതങ്ങളുടെ പങ്ക് ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഏന്നാൽ പുരോഗമനവാദികൾ എന്നു സ്വയം വിശ്വസിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ, പ്രത്യേകിച്ച് ഇടതുപക്ഷത്തിന്റെ പങ്കെന്താണ്? സത്യസന്ധമായി പരിശോധിച്ചാൽ വലിയ വ്യത്യാസമില്ല എന്നു കാണാൻ കഴിയും. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നടന്ന നവോത്ഥാന പ്രസ്ഥാനങ്ങളിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ട നമ്മുടെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇക്കാര്യത്തിൽ എവിടെ നില്ക്കുന്നു? സമൂഹത്തിലെ എത്രയോ വിഷയങ്ങളെ അവർ അഭിമുഖീകരിക്കാൻ ശ്രമിച്ചു. എന്നാൽ ലൈംഗികതയെ മാത്രം അഭിമുഖീകരിക്കാനുള്ള ധൈര്യം അവർക്കുണ്ടായില്ല. നമ്മുടെ ഇന്നത്തെ ലൈംഗിക പിന്നാക്കാവസ്ഥക്കുള്ള ഉത്തരവാദിത്തത്തിൽനിന്നു അവർക്കതുകൊണ്ടുതന്നെ ഒഴിഞ്ഞുമാറാനാകില്ല.

കമ്യൂണിസ്റ്റ് നേതാക്കളുടേയും പ്രവർത്തകരുടേയും ലൈംഗികതയുമായി ബന്ധപ്പെട്ട സംഭവങ്ങൾ അടുത്തയിടെയാണ് പുറത്തു വരാൻ തുടങ്ങിയത്. ഗോപി കോട്ടമുറിക്കൽമാരും പി. ശശിമാരുമൊക്കെ നേരത്തേയും ഉണ്ട്. ഇക്കാര്യത്തിൽ സത്യസന്ധവും യാഥാർത്ഥ്യബോധത്തോടെയുള്ളതുമായ നിലപാട് സ്വീകരിക്കാൻ ഒരു കാലത്തും കമ്യൂണിസ്റ്റുകാർ തയ്യാറായിട്ടില്ല. അക്കാര്യത്തിൽ നക്സലൈറ്റുകളടക്കമുള്ളവർ വ്യത്യസ്ഥരല്ല.

പ്രസ്ഥാനത്തിനുവേണ്ടി എല്ലാം ഉപേക്ഷിച്ചു നാടെങ്ങും ഓടിനടന്നു പ്രവർത്തിക്കുന്നവരായിരുന്നു കമ്യൂണിസ്റ്റുകാർ. പിന്നീട് വന്ന നക്സൽ വിഭാഗങ്ങളും അങ്ങനെ തന്നെ. സ്വാഭാവികമായും രാത്രികളിൽ ഇവരിലും ലൈംഗിക മോഹങ്ങൾ വളർന്നിരുന്നു. എന്നാൽ എല്ലാം പ്രസ്ഥാനത്തിനും അങ്ങനെ നാടിനും



പി.കെ. കുഞ്ഞാലിക്കുട്ടി

**സമൂഹത്തിലെ എത്രയോ വിഷയങ്ങളെ അവർ അഭിമുഖീകരിക്കാൻ ശ്രമിച്ചു. എന്നാൽ ലൈംഗികതയെ മാത്രം അഭിമുഖീകരിക്കാനുള്ള ധൈര്യം ഇടതുപക്ഷത്തിന് ഉണ്ടായില്ല**



ഗോപി കോട്ടമുറിക്കൽ

വേണ്ടി അടിച്ചമർത്തുകയായിരുന്നു. മാനുഷികമായി ഒന്നും എനിക്കന്യമല്ല എന്നു പ്രഖ്യാപിച്ച മാർക്സിന്റെ അനുയായികളാണ് തങ്ങളെന്നു മറന്നുകൊണ്ടായിരുന്നു ഇവർ എല്ലാം അടിച്ചമർത്തിയിരുന്നത്. എന്നാൽ അവസരം കിട്ടുമ്പോൾ എല്ലാം പുറത്തു ചാടാതിരിക്കുന്നതെങ്ങിനെ? ഒളിവിൽ കഴിയുന്ന പല വീടുകളിലും അങ്ങനെ നിരവധി ബന്ധങ്ങൾ ഉടലെടുത്തു. സമൂഹത്തിനുവേണ്ടി മാത്രം ജീവിക്കുന്ന സഖാക്കളുടെ ആഗ്രഹങ്ങൾ പല സ്ത്രീകളും മനസ്സിലാക്കി. സംഗതി രഹസ്യമാക്കി സൂക്ഷിച്ചു. അപൂർവ്വം പേർ അറിഞ്ഞാലും പരമാവധി ഒതുക്കി തീർത്തിരുന്നു. പല പാർട്ടി ഓഫീസുകളും സ്വവർഗ്ഗ ലൈംഗികതയുടെ കേന്ദ്രങ്ങളുമായിരുന്നു. അതേ സമയം ഇവരിൽ പലരിലും ഭയങ്കരമായ കുറ്റബോധവും ഉണ്ടായിരുന്നു എന്നതാണ് സത്യം. അതിന്റെ പേരിൽ ആത്മഹത്യ ചെയ്തവർ പോലുമുണ്ട്.

കൊച്ചുരാജൻ എന്നറിയപ്പെട്ടിരുന്ന നക്സലൈറ്റ് പ്രവർത്തകന്റെ കഥ ഇങ്ങനെ. പേരാമ്പ്രാ സ്വദേശിയായിരുന്നു രാജൻ. കായണ്ണ പോലീസ് സ്റ്റേഷൻ അക്രമണത്തിലും മറ്റും പങ്കെടുത്തിരുന്നു. പിന്നീട് പാർട്ടിയുടെ നിർദ്ദേശപ്രകാരം പ്രവർത്തനമേഖല പറവൂർ ഭാഗത്തേക്കുമാറ്റി. അവിടെ താമസിച്ചിരുന്ന വീട്ടിലെ സ്ത്രീയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടതിന്റെ കുറ്റബോധത്തിൽ കൊച്ചുരാജൻ ആത്മഹത്യ ചെയ്യുകയായിരുന്നു. സി.പി.എമ്മിന്റെ അഖിലേന്ത്യാനേതാവായിരുന്ന വരദരാജന്റെ ആത്മഹത്യയും മറക്കാറായിട്ടില്ല. സ്വാഭാവികമായ വികാരങ്ങളെ കണക്കിലെടുക്കാതെ പാർട്ടി നടപടിയെടുത്തതിൽ മനംനൊന്തായിരുന്നു ആത്മഹത്യ. പാർട്ടിയല്ലാതെ ജീവിതത്തിൽ മറ്റൊന്നുമില്ലാത്ത ഒരാൾ മറ്റെന്തുചെയ്യാൻ?

കൊച്ചുരാജൻ കുറ്റബോധത്താൽ ആത്മഹത്യ ചെയ്തു. നിരവധി സഖാക്കൾ എല്ലാം ഒളിച്ചുവെച്ച് പ്രവർത്തനം തുടർന്നു. എന്നാൽ ഈ വിഷയം തുറന്നു പറഞ്ഞ് സംഘടനക്കുള്ളിലെങ്കിലും ആരോഗ്യകരമായ സംവാദം നടത്താൻ ആരും തയ്യാറായില്ല. അതാണ് ഇന്ന് പാർട്ടി ഓഫീസുകളിൽപോലും ഒളിക്യാമറ സ്ഥാപിച്ച് ബ്ലാക് മെയിൽ ചെയ്യിക്കുന്നതിലേക്കും സഖാക്കളുടെ ബന്ധുക്കളെ ബലം പ്രയോഗിച്ച് അക്രമിക്കുന്നതിലും എത്തിച്ചത്.

സംവിധായകൻ എം.ജി ശശിയെ വിവാഹപൂർവ്വലൈംഗിക ബന്ധവുമായി ബന്ധപ്പെട്ട് പുറത്താക്കിയ സംഭവം സി.പി.ഐ (എം.എൽ)ലിൽ ഉണ്ടായിരുന്നു. വർഷങ്ങൾക്കുശേഷം ഈ വിഷയം മലയാളത്തിലെ ഒരു പ്രമുഖ വാരികയിൽ ചർച്ചാവിഷയമായി. അന്ന് സ്വീകരിച്ച നിലപാടിൽ കെ. വേണുവടക്കമുള്ളവർ സ്വയം വിമർശനം നടത്തി. എന്തിനേറെ, നളിനി ജമീലയുടെ ആത്മകഥയുടെ പ്രകാശനവേളയിൽ വേണു പറഞ്ഞതിങ്ങനെ. "ആകാശത്തിനു കീഴിലെ ഏതൊരു വിഷയവും അറിയാമെന്ന ധാരണയായിരുന്നു തങ്ങൾക്കുണ്ടായിരുന്നത്. എന്നാൽ ലൈംഗികതയുമായി ബന്ധപ്പെട്ട വിഷയങ്ങളും ലൈംഗികതൊഴിലാളികൾ എന്ന വിഭാഗവും തങ്ങളുടെ അജണ്ടയിൽ ഉണ്ടായിരുന്നില്ല എന്നാലോചിക്കുമ്പോൾ അത്ഭുതവും ലജ്ജയും തോന്നുന്നു". സത്യത്തിൽ ഇന്നു കമ്യൂണിസ്റ്റുകാർ ഈ വിഷയത്തിൽ അജ്ഞരാണ്. എന്തിനേറെ, കേരളത്തിന്റെ പല ഭാഗത്തും സദാചാരപോലീസ് ചമഞ്ഞവരിൽ എത്രയോ ഡി.വൈ.എഫ്.ഐക്കാർ ഉണ്ട്. വിശപ്പിനെ കുറിച്ച് ഏറെ ചർച്ചചെയ്യുകയും അതേസമയം എതൊരു ജീവിയുടേയും മറ്റൊരു അടിസ്ഥാനചോദനയായ ലൈംഗികതയോട് മുഖം തിരിച്ചു നില്ക്കുകയും ചെയ്യുന്ന സമീപനം തിരുത്താതെ നാമെങ്ങനെ രക്ഷപ്പെടും.

## വാൽക്കഷ്ണം

കുഞ്ഞാലിക്കുട്ടി വിഷയത്തിലും ഇത്തരമൊരു സമീപനം തന്നെയല്ലേ കാണുന്നത്. റജീനയ്ക്ക് പരാതി പണത്തെക്കുറിച്ചായിരുന്നു. അവിടെ നിലനിൽക്കുന്ന ഏകപ്രശ്നം പ്രായത്തിന്റേതാണ്. എന്നാൽ ഇടതുപക്ഷത്തുള്ളവർ ഈ വിഷയത്തെ കാണുന്നത് സദാചാര വീക്ഷണത്തിലൂടെയാണ്.

### പുസ്തകം കൈപ്പറ്റി

പി. നാരായണ മേനോൻ
പാഠഭേദങ്ങളുടെ പ്രൊഫസർ



എഡിറ്റർ:
ഡോ. പി.കെ. തിലക്
പ്രസാധനം:
ലിപി, കോഴിക്കോട്
വില: 200 രൂപ